**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 126** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഗാർഹിക സ്ത്രീധന പീഢനം - ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗാർഹിക സ്ത്രീധന പീഢനങ്ങളിൽ കുറ്റംചുമത്തുന്നവർക്കെതിരെ അതിവേഗം ശിക്ഷ നടപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | 2005-ലെ ഗാർഹിക പീഢന നിരോധന നിയമപ്രകാരം, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ നിലവിൽ വിവിധ സെഷൻസ് കോടതികൾ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ, ഗ്രാമ ന്യായാലയങ്ങൾ എന്നിവിടങ്ങളിൽ കൈകാര്യം ചെയ്തു വരുന്നു. 38 ഫാസ്റ്റ് ട്രാക്ക് കോടതികളെ സ്ഥിരം അഡീഷണൽ ജില്ലാ സെഷൻസ് കോടതികളാക്കി മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥിരം കോടതികളാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതികളെയും മറ്റു ജില്ലകളിലെ ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതികളെയും 'Children's Court' ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി, റേപ് കേസുകളുടേയും പോക്സോ നിയമ പ്രകാരമുള്ള കേസുകളുടേയും വേഗത്തിലുള്ള വിചാരണയ്ക്കും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് 56 അതിവേഗ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 14 എണ്ണം എക്സ്ക്ലൂസീവ് പോക്സോ കോടതികളാണ്. സംസ്ഥാനത്ത് മുപ്പത്തിയഞ്ച് കുടുംബകോടതികളും മുപ്പത് ഗ്രാമന്യായാലയങ്ങളും പ്രവർത്തിച്ചു വരുന്നു. ഗാർഹിക സ്ത്രീധന പീഢനങ്ങളിൽ കുറ്റം ചുമത്തുന്നവർക്കെതിരെ അതിവേഗം ശിക്ഷ നടപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്നതിനുള്ള പുതിയ |

| | | | |
|---|---|---|---|
| | | | ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഇത്തരം കേസുകൾ കോടതിയിലെത്താൻ വൈകുന്ന സാഹചര്യം ഉണ്ടായാൽ അത് കുറ്റവാളികൾക്ക് ഒരു പരിധിവരെ ശിക്ഷയിൽ ഇളവ് ലഭിക്കുന്നതിന് കാരണമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (എ) യിലെ ഉത്തരത്തിൽ ചേർത്തിട്ടുണ്ട് |
| (സി) | ഗാർഹിക, സ്ത്രീധന പീഢനങ്ങൾ തടയുന്നതിനും ഇത്തരം പ്രവണതകൾ യുവാക്കളിൽ പ്രോൽസാഹിപ്പിക്കാതിരിക്കുവാനും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിനായി നിയോഗിക്കപ്പെട്ടവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ? | (സി) | ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും ഓരോ വനിത സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അവർ ഗാർഹിക പീഢനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യ സഹായം, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഢന നിയമത്തെക്കുറിച്ചുള്ള ബോധവത്കരണം, സൗജന്യ കൗൺസിലിംഗ് സേവനങ്ങൾ, Domestic Incident Report (DIR) തയ്യാറാക്കി അതത് ജില്ലയുടെ കോടതിയിൽ സമർപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ വനിത സംരക്ഷണ ഓഫീസർമാർ നൽകി വരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 77 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും 14 ഷെൽറ്റർ ഹോമുകളും പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ 1012 സർക്കാർ സ്കൂളുകളിൽ വനിത ശിശു വികസന വകുപ്പ് മുഖാന്തിരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാർ കുട്ടികൾക്ക് മാനസിക പിന്തുണ കൗൺസിലിംഗിലൂടെ നൽകി പ്രാപ്തരാക്കുന്ന പരിശീലന പദ്ധതിയായ **സാന്ത്വനം പദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്.<br><br>ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും പ്രീ-മാരിറ്റൽ /മാരിറ്റൽ കൗൺസിലിംഗ് വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള പരിശീലനം ലഭിച്ച കൗൺസിലർമാരുടെ നേതൃത്വത്തിൽ കേരളത്തിൽ തിരഞ്ഞെടുക്കപ്പെട്ട 10 ബ്ലോക്കുകളിൽ നടത്തി.<br><br>സ്ത്രീധന പീഢനങ്ങൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തുകയും, ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>Gender relations and women legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് സംസ്ഥാനത്തെ ICDS സൂപ്പർവൈസർമാർക്ക് നൽകുകയും, സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് |

സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**കനൽ കർമ്മ** പദ്ധതിയിലൂടെ സമൂഹത്തിൽ ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിച്ചു വരുന്നു. കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്.ഇ വിഭാഗം) നാഷണൽ സർവീസ് സ്കീം, വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് സ്ത്രീധനത്തിനും ചൂഷണങ്ങൾക്കുമെതിരെ കൗമാര വിദ്യാർത്ഥികളെ ഏകോപിപ്പിച്ചുകൊണ്ട് 2021-22 അദ്ധ്യയന വർഷം മുതൽ സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ '**സമജീവനം**' എന്ന പേരിൽ ക്യാമ്പയിൻ നടത്തിവരുന്നു. സമജീവനം രണ്ടാം ഘട്ട പരിപാടിയായ '**തുല്യം**' പദ്ധതി 341 വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്നതിലേയ്ക്കായി 2023-24 സാമ്പത്തിക വർഷം 4,50,498/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 14 ജില്ലകളിലെ 341 ഗ്രാമങ്ങളിൽ ലിംഗഭേദ വിവേചനം, സ്ത്രീധനമെന്ന ദുരാചാരം, സ്ത്രീ ചൂഷണം തുടങ്ങിയവയെ ആധാരമാക്കി പൊതു ഇടങ്ങളിൽ സമത്വ ജ്വാല തെളിയിക്കൽ, വിദ്യാർത്ഥികൾ തന്നെ സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കിയ തെരുവ് നാടകം, മൈം, ജാഗ്രതാ സ്റ്റിക്കറുകൾ, പൊതു വാഹനങ്ങളിലും, പഞ്ചായത്തിലെ വീടുകൾ സന്ദർശിച്ച് ഫീൽഡ് ലെവൽ ജൻഡർ ഇക്വാളിറ്റി ആഡിറ്റ്, ക്യാമ്പുകളിൽ ജെൻഡർ പാർലമെന്റുകൾ.,സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കോർപ്പറേഷൻതല ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ/ എൻ.ജി.ഒ. എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം തുടങ്ങിയ ബോധവത്കരണ പരിപാടികൾ കേരള വനിതാ കമ്മീഷൻ നടത്തിവരുന്നു. അതോടൊപ്പം സ്ത്രീധനവും സ്ത്രീധനപീഡനവും തുടർച്ചയാകുന്ന പശ്ചാത്തലത്തിൽ സമൂഹത്തിൽ വ്യാപകമായ പ്രചരണം സംഘടിപ്പിക്കുന്നതിന് '**സ്ത്രീധനം -**

| | | | |
|---|---|---|---|
| | | | **സാമൂഹിക വിപത്ത്'** എന്ന പേരിൽ വനിതാ കമ്മീഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് അഞ്ച് സ്ത്രീധന വിരുദ്ധ ബോധവത്കരണ ക്ലാസുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ